# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAKLM P1/489/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 11/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ

നമ്പർ: KSAKLM P1/489/23 തീയ്യതി: 11/04/2023

## കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2022 മുതൽ 04-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മാത്യൂ റോയി കെ. പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 10-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 10-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ജയകുമാരിയമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാകേഷ്. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീകുമാർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാധാ രാജേന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീജാറാണി.കെ.പി. | സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീ. പ്രസാദ് എസ് | സെക്രട്ടറി | 10-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിന്ധു.കെ.എസ്. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.സിയാദ്.കെ. | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷിനു ബാബുകുട്ടി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രകാശ്.പി. | മെഡിക്കൽ ഓഫീസർ, കുളത്തൂപ്പുഴ സി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ.സനൽകുമാർ.എൽ.റ്റി. | മെഡിക്കൽ ഓഫീസർ, അഞ്ചൽ സി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ.ജി.ശ്യാമകൃഷ്ണൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീദേവി അമ്മ ജെ | സി.ഡി.പി.ഒ. കുളത്തൂപ്പുഴ | 01-04-2021 | 07-11-2021 |
| ശ്രീമതി.മറിയം.എം. | സി.ഡി.പി.ഒ. കുളത്തൂപ്പുഴ | 07-11-2021 | 31-03-2022 |
| ശ്രീമതി.രേഖ.എം.ജി. | സി.ഡി.പി.ഒ. അഞ്ചൽ | 01-04-2021 | 31-03-2022 |
| ശ്രീമതി.അശ്വതി.എസ്.നായർ | ക്ഷീരവികസന ഓഫീസർ | 01-04-2021 | 06-10-2021 |
| ശ്രീമതി. പൌർണ്ണമി സി. വി. | ക്ഷീരവികസന ഓഫീസർ | 07-10-2021 | 10-10-2021 |
| ശ്രീമതി. ബീന പി. | ക്ഷീരവികസന ഓഫീസർ | 11-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ശ്രീലക്ഷ്മി. എം. ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. വിജയകുമാർ. ബി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം. | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | അഭ്യന്തരനിയന്ത്രണം | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-10 |
| 12 | ചെറുകര മുളമൂട് സുജാത പടിക്കൽ മുതൽ ലതിക പടിക്കൽവരെ കോൺക്രീറ്റിംഗ് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയ വ്യക്തി കരാർ വച്ചില്ല. നിരതദ്രവ്യം മുതൽ കൂട്ടിയിട്ടില്ല. | 1-11 |
| 13 | ഗ്രന്ഥശാലകൾക്ക് പ്രോജക്ടർ - പ്രോജക്ടർ, സ്ക്രീൻ എന്നിവ വിതരണം ചെയ്തിട്ടില്ല. | 1-12 |
| 14 | കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ (193/22) വാങ്ങിയ കമ്പ്യൂട്ടറുകൾ കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല. | 1-13 |
| 15 | കമ്പ്യൂട്ടർ വാങ്ങൽ- അന്തിമ ഇൻവോയിസ് തുകയേക്കാൾ കൂടുതലായി കേരളാ സ്റ്റേറ്റ് ഐടി മിഷനിൽ ഒടുക്കിയ തുക തിരികെ വാങ്ങിയിട്ടില്ല. | 1-14 |
| 16 | വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-15 |
| 17 | സുഭിക്ഷ കേരളം - 2 പശു യൂണിറ്റ്(വനിത)- ഇൻഷുറൻസ് രേഖകൾ പൂർണമായും ഹാജരാക്കായിട്ടില്ല. | 1-16 |
| 18 | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-17 |
| 19 | ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തില്ല. | 1-18 |
| 20 | തുക മുൻകൂറായി നൽകിയെങ്കിലും ഉപകരണങ്ങൾ ലഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 21 | തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 22 | ചെലവഴിക്കാത്ത തുകകൾ സഞ്ചിതനിധിയിൽ തിരിച്ചടച്ചില്ല. | 1-21 |

| | | |
|---|---|---|
| 23 | ഒരേ ആവശ്യത്തിലേയ്ക്കായി ബ്ലോക്ക് പഞ്ചായത്തിനും ഗ്രാമ പഞ്ചായത്തിനും വ്യത്യസ്ത പ്രോജക്ടുകൾ | 1-22 |
| 24 | ക്രമപ്രകാരമുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗ്രന്ഥശാലകൾക്ക് പ്രോജക്ടർ - പ്രോജക്ടർ, സ്ക്രീൻ എന്നിവ വിതരണം ചെയ്തിട്ടില്ല. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് വേണ്ടിയുള്ള ഫണ്ട് വിനിയോഗം. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷ ബജറ്റ് 27.03.2021 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.22 | 20.6.222 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

1. വിവിധ ഫണ്ടിനങ്ങളുടെ ACR പ്രകാരമുള്ള ചെലവുതുക AFS, സുലേഖാ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR പ്രകാരം ₹ | AFS പ്രകാരം₹ | സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം₹ |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 4,09,24,348/- | 3,90,36,519/- | 4,08,50,893/- |
| വികസനഫണ്ട്-SCP | 2,17,35,483/- | 1,94,48,183/- | 2,15,37,483/- |
| മെയി.ഫണ്ട്-റോഡിതരം | 1,51,00,392/- | 1,46,85,505/- | 1,50,97,030/- |

2. CFC ഗ്രാന്റ് – ACR പ്രകാരമുള്ള ചെലവുതുക സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

3. പി.എം.എ.വൈ-വരവ്-ചെലവ് തുകകൾ AFS-ൽ ഉൾപ്പെടുന്നില്ല.

4. ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും PMAY പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല.

5. എം.ജി.എൻ.ആർ.ഇ.ജി.എസ് കണക്കുകൾ വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. നീക്കിയിരുപ്പ് തുക രജിസ്റ്റർ പ്രകാരം 1,19,533/-രൂപ ആണ്.

6. RP-10 പ്രകാരം വരവുവന്ന തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. Interest From Investments ഇനത്തിൽ 7,579/-രൂപ വാർഷികക്കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ഥിരനിക്ഷേപം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

8. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകൾ (RP-40(b)) വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| അക്കൌണ്ട് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം₹ | AFS പ്രകാരം₹ |
|---|---|---|
| TSC-UCO Bank-1489010000 | 18,32,146.85/- | 18,21,827/- |
| Canara Bank (MPLAD)-2856101013258 | 1,58,445.12/- | 17,08,485/- |

9. ചുവടെപ്പറയുന്ന ബാങ്ക് അക്കൌണ്ടുകളുടെ റീക്കൺസിലിയേഷൻ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| അക്കൌണ്ട് നം | നീക്കിയിരുപ്പ് തുക (രൂപ) |
|---|---|
| STSB-799013000000250 | 3,06,433/- |
| Canara Bank(PFMS)-2856101015667 | 1,23,87,356/- |
| Treasury Special TSB-Joint Venture | 10,00,000/- |

10. വാർഷികധനകാര്യപത്രികയിൽ വിവിധ ശീർഷകങ്ങളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത

പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ഷെഡ്യൂൾ | ശീർഷകം | തുക(രൂപ) |
|---|---|---|
| RP-4 | 140400199 | 50,232/- |
| | 140500113 | 8,457/- |
| | 14070019 | 6,828/- |
| RP-5 | 150120103 | 1,580/- |
| | 150120105 | 1,17,928/- |
| RP-7 | 160100708 | 7,70,566/- |
| | 160100799 | 5,00,250/- |
| | 160200299 | 11,406/- |
| RP-31 | 320100204 | 37,28,917/- |
| | 320700103 | 85,644/- |
| | 320800101 | 93,000/- |
| B-4 | 320100204 | 1,67,353/- |
| | 320100299 | 3,00,000/- |

11. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്കിൽ നിന്നും ലഭിച്ച ഫണ്ട്-നീക്കിയിരുപ്പായി തുക ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വിഹിതം-നീക്കിയിരുപ്പ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

12. B-7 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 2,99,49,579/-രൂപ |
| വരവ് | 14,62,90,639/-രൂപ |
| ആകെ | 17,62,40,218/-രൂപ |
| ചെലവ് | 13,89,12,927/-രൂപ |
| നീക്കിയിരിപ്പ് | 3,73,27,291/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിച്ച തുക | 76,012/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 44,55,321/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 4,83,03,363/- | 4,83,03,363/- | 4,09,24,348/- | 73,79,015/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 2,64,88,644/- | 2,64,88,644/- | 2,17,35,483/- | 47,53,161/- |
| വികസന ഫണ്ട്- | - | 24,07,599/- | 24,07,599/- | 21,71,000/- | 2,36,599/- |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | -- | -- | - | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 1,91,27,647/- | 1,91,27,647/- | 1,51,00,392/- | 40,27,255/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( Tied-Bank) (ACR പ്രകാരം) | - | 1,25,53,000/- | 1,25,53,000/- | 9,15,542/- | 1,16,37,458/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank)(ACR പ്രകാരം) | - | 83,69,000/- | 83,69,000/- | 76,62,467/- | 7,06,533/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury (ACR പ്രകാരം) | - | 87,00,000/- | 87,00,000/- | 23,09,476/- | 63,90,524/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury)(ACR പ്രകാരം) | - | 16,52,060/- | 16,52,060/- | 2,34,320/- | 14,17,740/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| TSC | 17,84,880/- | 1,67,269/- | 19,52,149/- | 1,30,322/- | 18,21,827/- |

വികസന ഫണ്ട് (ജന.) , വികസന ഫണ്ട് (എസ് സി പി ), മെയിന്റനൻസ് ഫണ്ട് (റോഡിതരം) എന്നിവയുടെ ചെലവ് തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഖ 1-2-1(1) കൂടി കാണുക

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 15,46,12,868/- | 101 | 9,24,36,863/- | 33 | 1 | 73 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) പ്രോജക്ട് നം. 172/22 - അഞ്ചൽ പബ്ലിക്ക് മാർക്കറ്റിൽ Sewage Plant നിർമ്മാണം

## 1-6 തൊഴിലുറപ്പ് പദ്ധതി

ധകകാര്യപത്രിക പ്രകാരം വരവ് ഇല്ല

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2023 12.10 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയെങ്കിലും

നീക്കിയിരിപ്പ് തുക ഇല്ലായിരുന്നു.

## 1-8 അഭ്യന്തരനിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിലെ എല്ലാ വരവുകളും സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നില്ല. ചെലവ് വൗച്ചറുകൾ സാംഖ്യ സമ്പ്രദായ പ്രകാരം അക്കൗണ്ട് ചെയ്ത് വൗച്ചർ നമ്പർ ക്രമത്തിൽ സൂക്ഷിച്ച് വരുന്നില്ല. വരവുതുകകൾക്ക് മാനവൽ രസീത് നൽകി സ്വീകരിക്കുകയും എന്നാൽ പിന്നീട് സാംഖ്യയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. മാന്വൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. വിവിധ ഇനങ്ങളിലായി ലഭിക്കുന്ന തുകകൾ അതാത് ഹെഡിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ഇക്കാരണത്താൽ സംയുക്ത പദ്ധതികൾക്ക് ഉൾപ്പെടെ ലഭിക്കുന്ന തുകകളുടെ കൃത്യമായ വിനിയോഗവിവരങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാംഖ്യ അധിഷ്ഠിത ക്യാഷ്ബുക്ക്, ഡേ ബുക്ക് ഇവ ക്രമീകരിച്ച് സൂക്ഷിച്ചിട്ടില്ല.

വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ മോണിറ്ററിംഗ് നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള കൃത്യതയാർന്ന ആധികാരികമാക്കിയ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും അനിവാര്യമാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, വാടക രജിസ്റ്റർ ഇവയൊന്നും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഓഡിറ്റ് വർഷം വ്യവസായ വികസന ഓഫീസർ പദ്ധതികൾ നടപ്പാക്കുന്നതിനായി തുക വകയിരുത്തുകയോ നിർവ്വഹണം നടത്തുകയോ ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ബ്ലോക്ക് പഞ്ചായത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.2022 | 2021-22 | ലഭ്യമാക്കി യിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.5.2018 | 2016-17 മുതൽ 2017-18 വരെ | 5.7.2019 |

## 1-10 രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1) ബ്ലോക്ക് പഞ്ചായത്തിൽ 20-02-2022 മുതൽ 31.03.2022 വരെയുള്ള കാലയളവിൽ ഉപയോഗിച്ച മാനവൽ രസീത് ബുക്കുകൾ, സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ, ഡേ ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഓഫീസിൽ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ഫയൽ മാറ്റിയതിനാലാണ് ഹാജരാക്കുന്നതിന് കഴിയാതിരുന്നതെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2) പഞ്ചായത്തിലേക്കുള്ള വരവ് തുകകൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20.(ഡി) പ്രകാരമുള്ള കമ്പ്യൂട്ടർ ജനറേറ്റഡ് രസീതുകൾ ഉപയോഗിക്കുന്നതിനു പകരം മാനവൽ രസീതുകളാണ് നൽകിയിരിക്കുന്നത്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(1) (സി) നിഷ്കർഷിച്ചിട്ടുള്ള

പ്രകാരം ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

1-11 ചെറുകര മുളമൂട് സുജാത പടിക്കൽ മുതൽ ലതിക പടിക്കൽവരെ കോൺക്രീറ്റിംഗ് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയ വ്യക്തി കരാർ വച്ചില്ല. നിരതദ്രവ്യം മുതൽ കൂട്ടിയിട്ടില്ല.

പ്രവൃത്തി- ചെരുകര മുളമൂട് സുജാത പടിക്കൽ മുതൽ ലതിക പടിക്കൽവരെ കോൺക്രീറ്റിംഗ്

അടങ്കൽ തുക – 4,70,000/- രൂപ (വികസനഫണ്ട് – എസ്.സി.പി)

ടി പ്രവൃത്തി ടെണ്ടർ ചെയ്തതിൽ 4 ടെണ്ടറുകൾ ലഭിക്കുകയും ഇതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ. ജെ സുധീൻ പിള്ളയുടെ ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കുകയും ചെയ്തു. എന്നാൽ ടിയാൻ കരാർ വയ്ക്കാതിരുന്നതിനാൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ അടുത്തയാൾക്ക് കരാർ നല്കി. പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയിട്ടുള്ളതാണ്. എന്നാൽ ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയതിനുശേഷം കരാർ വയ്ക്കാതിരുന്ന ശ്രീ. ജെ സുധീൻ പിള്ളയുടെ നിരതദ്രവ്യം നിയമപ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതായിരുന്നു. അപ്രകാരം ചെയ്യാതിരുന്നതിനാൽ 6290/-രൂപായുടെ നഷ്ടം സംഭവിച്ചു. ടി തുക നിരത ദ്രവ്യം മുതൽകൂട്ടുന്നതിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നഷ്ടം – 6,290/- രൂപ

ഓഡിറ്റ് അന്വേഷണം - 02, തീ. 08-03-2023

1-12 ഗ്രന്ഥശാലകൾക്ക് പ്രോജക്ടർ - പ്രോജക്ടർ, സ്ക്രീൻ എന്നിവ വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് - ഗ്രന്ഥശാലകൾക്ക് പ്രോജക്ടർ (155/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 5,00,000/-രൂപ (വികസന ഫണ്ട്)

ബിൽ നം 31, തീ 19-02-2022 പ്രകാരം 4,94,079/-രൂപാ പിൻവലിച്ച് ആർ.ജെ. എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും, ഗ്രന്ഥശാലകൾക്ക് വിതരണം ചെയ്യുന്നതിനായി, 13 പ്രോജക്ടർ, 13 സ്ക്രീൻ എന്നിവ വാങ്ങി. ഇതിൽ 11 ജോഡി ഉപകരണങ്ങൾ മാത്രമേ ഗ്രന്ഥശാലകൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. 20-12-21 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 2 (3) നമ്പർ തീരുമാനപ്രകാരം ഗുണഭോക്തൃസ്ഥാപനങ്ങളായി തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള താഴെ കൊടുത്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് നാളിതു വരെ ഉപകരണങ്ങൾ നൽകിയിട്ടില്ല.

| | |
|---|---|
| 1 | ഡോ. എ പി ജെ അബ്ദുൾകലാം പബ്ലിക്ക് ലൈബ്രറി, ഇടക്കുന്ന്, മണിയാർ |
| 2 | കുളത്തുപ്പുഴ പോസ്റ്റാഫീസ് കൂട്ട് സാംസ്കാരികവേദി |

ഇതിൽ 'കുളത്തുപ്പുഴ പോസ്റ്റോഫീസ് കൂട്ട് സാംസ്കാരികവേദി ഗ്രന്ഥശാല'യുടെ ലൈബ്രറി കൗൺസിൽ അംഗത്വം നഷ്ടപ്പെട്ടതായി ഫയലിൽ രേഖപ്പെടുത്തലുണ്ട്. 2 ജോഡി ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ലാത്തതിനാൽ പ്രോജക്ടർ, സ്ക്രീൻ എന്നിവയുടെ വിലയായ (2 X 33005 + 2 X 5001 = 76012/-) 76,012/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. നാളിതുവരെ 2 ജോഡി ഉപകരണങ്ങൾ വിതരണം ചെയ്യാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 2, തീയതി 08-03-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആവശ്യകത കൃത്യമായി കണക്കാക്കാതെ ഉപകരണങ്ങൾ വാങ്ങിയതിനാലാണ് ഇപ്രകാരം അധികചെലവ് ഉണ്ടായിട്ടുള്ളത്. ഉപകരണങ്ങൾ വിതരണം ചെയ്യാതിരിക്കുകയും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ 76,012/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിരാകരിക്കുന്ന തുക - 76,012/- രൂപ

ഓഡിറ്റ് അന്വേഷണം - നം 2, തീയതി 08-03-2023

1-13 കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ (193/22) വാങ്ങിയ കമ്പ്യൂട്ടറുകൾ കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് - കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർവാങ്ങൽ (193/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 2,16,000/-രൂപ (സംരക്ഷണ ഗ്രാൻറ്, റോഡിതരം)

ബിൽനം 40/22-03 2022 പ്രകാരം 2,02,464/- രൂപ പിൻവലിച്ച് 4 കമ്പ്യൂട്ടറുകളുടെ വിലയായി കേരളാ സ്റ്റേറ്റ് ഐ ടി മിഷന് നല്കി. എന്നാൽ ടി ഉപകരണങ്ങൾ 29-07-2022 ൽ സ്ഥാപനത്തിൽ ലഭിച്ചുവെങ്കിലും ഹാജരാക്കിയ രേഖകൾ പ്രകാരം ഒരു കമ്പ്യൂട്ടർ മാത്രമാണ് വിട്ടുകിട്ടിയ സ്ഥാപനത്തിന് വിതരണം ചെയ്തിട്ടുള്ളത്. ഉപകരണങ്ങൾ വിതരണം ചെയ്യാതിരിക്കുന്നത് ചൂണ്ടിക്കാട്ടി 08-03-2023 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 1) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് നല്കാത്ത 3 കമ്പ്യൂട്ടറുകളുടെ വിലയായ (50616 X 3 = 151848/-) 1,51,848/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യകത കണക്കിലെടുക്കാതെ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്. ആവശ്യകത പരിശോധിച്ച് കമ്പ്യൂട്ടറുകൾ കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് നല്കി വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 1,51,848/-രൂപ

ഓഡിറ്റ് അന്വേഷണം നം - 1, തീ. 08-03-2023

1-14 കമ്പ്യൂട്ടർ വാങ്ങൽ- അന്തിമ ഇൻവോയിസ് തുകയേക്കാൾ കൂടുതലായി കേരളാ സ്റ്റേറ്റ് ഐടി മിഷനിൽ ഒടുക്കിയ തുക തിരികെ വാങ്ങിയിട്ടില്ല.

താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 4 കമ്പ്യൂട്ടർ വീതം വാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് ഐടി മിഷനിൽ 2,02,464/-രൂപ വീതം ഒടുക്കുവരുത്തി. എന്നാൽ കമ്പ്യൂട്ടർ നല്കിയ സ്ഥാപനം ബ്ലോക്ക് പഞ്ചായത്തിന് നല്കിയ ഇൻവോയിസ് പ്രകാരം 4 കമ്പ്യൂട്ടറുകളുടെ വില 1,94,676/-രൂപയാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രോജക്ട് | കേരളാ സ്റ്റേറ്റ് ഐടി മിഷന് നല്കിയ തുക (രൂപ) | അന്തിമ ഇൻവോയിസ് പ്രകാരമുള്ള തുക (രൂപ) | അധികം നല്കിയ തുക(രൂപ) |
|---|---|---|---|---|
| 1 | പ്രോജക്ട്-കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർവാങ്ങൽ (193/22)<br>അടങ്കൽ തുക – 2,16,000/-രൂപാ (സംരക്ഷണ ഗ്രാന്റ്, റോഡിതരം) | 2,02,464/-<br>40/22-03 2022 | 1,94,676/- | 7,788/- |
| 2 | ബ്ലോക്ക് ഓഫീസ് ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ (139/22)<br>അടങ്കൽ തുക – 3, 00,000/-രൂപാ (വികസന ഫണ്ട്) | 2,02,464/-<br>ബിൽ നം<br>17/29-10- 2021 | 1,94,676/- | 7,788/- |
| | | | ആകെ | 15,576/- |

അധികം നല്കിയ തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 08-03-2023 ൽ നല്കിയ ഓഡിറ്റ് അന്വേഷണം നം. 1 ന് CPRCS പോർട്ടലിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിയതിന് നല്കിയിട്ടുള്ളത് കെൽട്രോണിന്റെ ഇൻവോയിസ് പ്രകാരമുള്ള തുകയാണെന്നും, ഫയലിൽ സൂക്ഷിച്ചിരുന്നത് നിർമ്മാതാക്കൾ സ്ഥാപനത്തിന് നല്കിയ ഇൻവോയിസ് ആയിരുന്നെന്നും, ആയതിനാൽ നിർമ്മാതാക്കളുടെ ഇൻവോയിസ് പരിഗണിക്കേണ്ടതില്ലെന്നുമുള്ള മറുപടിയാണ്. ഇത് അംഗീകരിക്കുന്നില്ല. അധികം നല്കിയിട്ടുള്ള തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം- 1, തീ. 08-03-2023

1-15 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല.

2021-22 സാമ്പത്തിക വർഷം അനുമതി ലഭിച്ചതും പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയതുമായ താഴെ പറയുന്ന പ്രവൃത്തികളിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല.

പ്രോജക്ട് നമ്പർ – 129/22 (സ്പിൽ ഓവർ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

പ്രസ്തുത പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുൻ സാമ്പത്തിക വർഷം ആദ്യ ഗഡു കൈപ്പറ്റിയിരുന്നു. എന്നാൽ നാളിതുവരെയും പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി വാല്യുവേഷൻ സമർപ്പിച്ച് അവസാന ഗഡു കൈപ്പറ്റിയതായി കാണുന്നില്ല.

| ഗുണഭോക്താവ് (ശ്രീ/ശ്രീമതി) | കൈപ്പറ്റിയ തുക (രൂപ) | ബിൽ നം/തുക അനുവദിച്ച തീയതി |
|---|---|---|
| രമണി ആർ, രാജേഷ് മന്ദിരം പനയഞ്ചേരി അഞ്ചൽ | 50,000/- | 82/21, 29.1.21 |
| സുജാത ടി. ആർ,<br>ചോലത്തറ പെരുമണ്ണൂർ വാളകം ഇടമുളക്കൽ | 50,000/- | 97/21, 27.2.21 |
| തുളസി, മരുതിവിളവീട് സാലി കുളത്തുപ്പുഴ | 50,000/-<br>75,000/- | 97/21, 27.2.21<br>694/22, 30.03.2022 |
| വൈശാഖ് ബൈജു, ലത വിലാസം അച്ചൻകോവിൽ | 50,000/-<br>75,000/- | 104/21, 13.3.21<br>54/21, 02.08.21 |
| വത്സല, കാവ് അയ്യത്ത് വീട് കരിപ്പെട്ടി കോണം ഇടയം | 50,000/- | 106/21, 13.3.21 |

പ്രോജക്ട് നം.7/22

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | ബിൽ നം |
|---|---|---|---|
| ശ്രീമതി മഞ്ജു കുമാരി എസ്<br>മഞ്ജു വിലാസം<br>നെടിയറ | 50,000/-<br>75,000/- | 27.01.22<br>30.03.22 | 403/22<br>674/22 |

മേൽ ഗുണഭോക്താക്കളെക്കൊണ്ട് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 09/10.03.2023

1-16 സുഭിക്ഷ കേരളം - 2 പശു യൂണിറ്റ്(വനിത)- ഇൻഷുറൻസ് രേഖകൾ പൂർണമായും ഹാജരാക്കായിട്ടില്ല.

പ്രോജക്ട് നമ്പർ – 15/22

സുഭിക്ഷ കേരളം – 2 യൂണിറ്റ് (വനിത)

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ – 84,00,000/- ( വികസന ഫണ്ട് ജനറൽ – 42,00,000/-, ഗുണഭോക്തൃവിഹിതം – 42,00,000/-)
ചെലവ് – 42,00,000/-( വികസന ഫണ്ട് ജനറൽ)

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കൾക്ക് രണ്ടു കറവ പശുക്കളെ വാങ്ങുന്നതിന് പരമാവധി 60,000/- രൂപയും തൊഴുത്ത് ശരിയാക്കുന്നതിന് പരമാവധി 10,000/- രൂപയും അടക്കം ആകെ 70000/- രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചെങ്കിലും വാങ്ങിയ പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

1. ശ്രീമതി.റിനി മാമച്ചൻ, മാമ്മൂട്ടിൽ മേലേതിൽ, ഇടമുളയ്ക്കൽ
ബിൽ നം. 312 (തുക അനുവദിച്ച തീയതി – 29.12.2021)
2. ശ്രീമതി.റജീന ബീവി, ഷീനാ ഭവൻ, കരുകോൺ
ബിൽ നം. 391 (തുക അനുവദിച്ച തീയതി – 21.01.2022)

മേൽപറഞ്ഞ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽപറഞ്ഞ ഗുണഭോക്താക്കൾ വാങ്ങിയ കറവ പശുക്കളുടെ ഇൻഷ്വറൻസ് രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി- 10/10.03.2023
ഓഡിറ്റ് തടസ്സം - 1,20,000/-രൂപ

1-17 പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.

പദ്ധതി നം - 128/22 (സ്പിൽ ഓവർ) – പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി.
നിർവഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ
അടങ്കൽ – 2,55,000/- (വികസനഫണ്ട് – എസ്.സി.പി)
ചെലവ് – 50,000/-(വികസനഫണ്ട് – എസ്.സി.പി)

പ്രസ്തുത പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ് (ശ്രീ/ശ്രീമതി) | ആകെ കൈപ്പറ്റിയ തുക (രൂപ), തീയതി |
|---|---|---|
| 1 | അയ്യപ്പൻ,<br>അയ്യപ്പസദനം, ഇരുളൻകാട്<br>നെടുമ്പാറ, ആര്യൻങ്കാവ്. | തുക – 50,000/-, (15.6.20) |
| 2 | സുശീല<br>തോട്ടിൻകര പുത്തൻ വീട്, അയിലറ | തുക- 50,000/- ( 20.01.20 )<br>തുക- 50,000/- (23.11.20) |
| 3 | ശിവപ്രസാദ്,<br>മുരളിവിലാസം, പെരുമണ്ണൂർ,പി.ഒ<br>വാളകം | തുക- 50,000/- (20.01.20)<br>തുക - 50,000/- (30.03.20)<br>തുക - 50,000/- (28.09.20) |

വിശദവിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കളെക്കൊണ്ട് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണം – 8/10.03.23

1-18 ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തില്ല.

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 11/2021-22 (കാർഷിക കർമ്മസേന/അഗ്രോ സെന്റർ എന്നിവയക്ക് ഉപകരണം വാങ്ങൽ) എന്ന പദ്ധതി പ്രകാരം ഉപകരണം വാങ്ങുന്നതിനും റെയിൻ ഷെൽറ്റർ സ്ഥാപിക്കുന്നതിനും റെയ്ഡ്കോയ്ക്ക് താഴെ പറയുന്ന ബില്ലുകൾ പ്രകാരമാണ് തുക കൈമാറിയത്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ/തീയതി | ബിൽ തുക(രൂപ) | ട്രഷറി ബിൽ നമ്പർ |
|---|---|---|---|
| 1 | ACL/950/2021-22 / 29-12-2021 | 1,10,700/- (ഉപകരണം വാങ്ങൽ) | 3/2021-22 തീയതി 10-01-2022 |
| 2 | ACL/949/2021-22 / 29-12-2021 | 1,04,310/-(ഉപകരണം വാങ്ങൽ) | |
| 3 | ACL/1563/2021-22 / 23-03-2022 | 1,94,400/- (റെയിൻ ഷെൽറ്റർ സ്ഥാപനം) | 8/2021-22തീയതി 27-03-2022 |
| 4 | ACL/1587/2021-22/ 25-03-2022 | 1,55,088/- (റെയിൻ ഷെൽറ്റർ സ്ഥാപനം) | 9/2021-22 തീയതി 27-03-2022 |
| | ആകെ | 5,64,498/- | |

റെയ്ഡ്കോയ്ക്ക് തുക നൽകിയതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളു. ഉപകരണങ്ങൾ ലഭിച്ചതിന്റേയോ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റേയോ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. റെയിൻ ഷെൽറ്റർ സ്ഥാപിച്ചതിന്റെ രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ 5,64,498/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭിച്ച് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റേയും റെയിൻ ഷെൽറ്റർ സ്ഥാപിച്ചതിന്റേയും രേഖകൾ ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഓഴിവാക്കേണ്ടതാണ്

തടസപ്പെടുത്തുന്ന തുക – 5,64,498/-രൂപ

ഓഡിറ്റ് എൻക്വയറി നം – 6/10.03.23

1-19 തുക മുൻകൂറായി നൽകിയെങ്കിലും ഉപകരണങ്ങൾ ലഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

1. പ്രോജക്ട് നം.189/22

അടങ്കൽ – 22,00,000/-രൂപ ( മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) )

അഞ്ചൽ സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിനായി 20,01,596/- രൂപ ബിൽ നം. 108/21.2.22 പ്രകാരം ചെലവഴിച്ചു. അഞ്ചൽ സി.എച്ച്.സി യ്ക്ക് തൈറോയിഡ് അനലൈസർ വാങ്ങുന്നതിനായി ഇൻവോയിസ് നം. 103/21-22/11.2.22 പ്രകാരം KMSCL ന് തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മെഷീൻ നാളിതുവരെ ലഭിച്ചിട്ടില്ല. 8 ആഴ്ചയ്ക്കകം വിതരണം ചെയ്യുന്നതാണെന്ന് ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ ഉപകരണം ലഭ്യമാക്കാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 20,01,596/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്റ്റോക്ക്, വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

2. പ്രോജക്ട് നം.100/22

അടങ്കൽ - 12,50,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 10,14,199/-രൂപ

അഞ്ചൽ സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ അഞ്ചൽ സി.എച്ച്.സി യിലെ കോവിഡ് അനുബന്ധ പ്രവർത്തനങ്ങൾക്കായി 10,14,199/-രൂപ ചെലവഴിച്ചു. ഉപകരണങ്ങൾ വാങ്ങുന്നതിനായി KMSCL ന് 5,28,914/-രൂപ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | ഇൻവോയിസ് നം./തീയതി | നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| Binocular Microscope | 156/21-22/18.3.22 | 24,000/- | 589/19.3.22 |
| Top Loading Vertical Fully Automatic Autoclave | 162/21-22/21.3.22 | 4,36,860/- | 602/21.3.22 |
| Centrige-Brushless Type-8"15 Ml | 158/21-22/18.3.22 | 40,908/- | 577/17.3.22 |
| Hot Air Oven | 157/21-22/18.3.22 | 27,146/- | 157/18.3.22 |
| ആകെ | | 5,28,914/- | |

മേൽ സൂചിപ്പിച്ച ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ ഉപകരണം ലഭ്യമാക്കാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 5,28,914/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്റ്റോക്ക്, വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

3. പ്രോജക്ട് നം.78/22

അടങ്കൽ - 5,89,240/-രൂപ ( മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം))

കുളത്തുപ്പുഴ സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ സി.എച്ച്.സി കുളത്തുപ്പുഴയ്ക്ക് ഫോഗിംഗ് മെഷീൻ അടക്കമുള്ള ഉപകരണങ്ങൾ, ലാബ് അടിസ്ഥാനസൌകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന പ്രോജക്ട് പ്രകാരം 5,89,240/-രൂപ ബിൽ നം. 26/22.3.22 പ്രകാരം ചെലവഴിച്ചു. IHDBയുടെ ഇൻവോയിസ് നം. 8449@N/2022/3/5.3.22 പ്രകാരം Dialysis Machine With Monitor എന്ന ഉപകരണം വാങ്ങുന്നതിനായി തുക നൽകിയിട്ടുണ്ട്. മെഷീൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ ഉപകരണം ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലുള്ള 5,89,240/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്റ്റോക്ക്, വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

എൻക്വയറി നം.4/8.3.22

എൻക്വയറി നം.7/8.3.22

നിർവ്വഹണ ഉദ്യോഗസ്ഥൻ – 1. ഡോ.സനൽകുമാർ.എൽ.റ്റി, മെഡിക്കൽ ഓഫീസർ, അഞ്ചൽ സി.എച്ച്.സി

2. ഡോ.പ്രകാശ്.പി, മെഡിക്കൽ ഓഫീസർ, കുളത്തുപ്പുഴ സി.എച്ച്.സി

ക്രമ നം. 1, 2, 3 എന്നിവ പ്രകാരം ആകെ തടസ്സപ്പെടുത്തിയ തുക-
31,19,750/-രൂപ (20,01,596 + 5,28,914 + 5,89,240)

1-20 തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം തുക മുൻകൂറായി KMSCLന് നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ/ഫണ്ടിനം ( രൂപ ) | ചെലവ് (രൂപ) | KMSCL ന് നൽകിയ തുക (രൂപ) | ലഭിച്ച മരുന്നിന്റെ വില (രൂപ) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക (രൂപ) |
|---|---|---|---|---|---|
| 64/22 മരുന്നുവാങ്ങൽ | 24,10,035/- മെയിന്റനൻസ് ഗ്രാന്റ് | 24,10,035/- | 24,10,035/- | 19,13,996/- | 4,96,039/- |

| | | | | | |
|---|---|---|---|---|---|
| | (റോഡിതരം) | | | | |
| 61/22 പാലിയേറ്റീവ് കെയർ | 3,00,000/-(വികസനഫണ്ട്) | 2,63,378/- | 89,820/- | 86,634/- | 3,186/- |
| ആകെ | | | | | 4,99,225/- |

മരുന്ന് ലഭിച്ചതിന്റെ സ്റ്റോക്ക്, വിതരണം സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള 4,99,225/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.5/8.3.22

തടസ്സപ്പെടുത്തിയ തുക - 4,99,225/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡോ.സനൽകുമാർ.എൽ.റ്റി, മെഡിക്കൽ ഓഫീസർ,
അഞ്ചൽ സി.എച്ച്.സി

## 1-21 ചെലവഴിക്കാത്ത തുകകൾ സഞ്ചിതനിധിയിൽ തിരിച്ചടച്ചില്ല.

അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൌണ്ട് പരിശോധിച്ചതിൽ ഡെപ്പാസിറ്റ് പ്രവൃത്തിൾക്ക് കേരള വാട്ടർ അതാറിറ്റിയിൽ നിക്ഷേപിച്ച തുകകളിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകളും കരവാളൂർ ഗ്രാമപഞ്ചായത്തിന് സംയുക്തപ്രോജക്റ്റിന് വേണ്ടി നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച തുകയും വിവിധ തീയതികളിൽ ട്രഷറി അക്കൌണ്ടിൽ വരവ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക ലഭിച്ചത് ഏത് സ്ഥാപനത്തിൽ നിന്ന് | തീയതി | തുക (രൂപ) |
|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 11.02.2022 | 41,134/- |
| 2 | കേരള വാട്ടർ അതോറിറ്റി | 11.02.2022 | 76,863/- |
| 3 | കേരള വാട്ടർ അതോറിറ്റി | 18.02.2022 | 38,26,374/- |
| 4 | കേരള വാട്ടർ അതോറിറ്റി | 14.03.2022 | 1,76,143/- |
| 5 | കേരള വാട്ടർ അതോറിറ്റി | 31.03.2022 | 1,64,079/- |
| 6 | കേരള വാട്ടർ അതോറിറ്റി | 05.04.2022 | 70,41,190/- |
| 7 | കേരള വാട്ടർ അതോറിറ്റി | 06.05.2022 | 45,933/- |
| 8 | കരവാളൂർ ഗ്രാമപഞ്ചായത്ത് | 04.06.2022 | 5,00,580/- |
| 9 | കേരള വാട്ടർ അതോറിറ്റി | 09.06.2022 | 2,00,000/- |
| | | ആകെ | 1,20,72,296/- |

09-03-2023 ലെ സ.ഉ.(കൈ) 38/2023-ാം നമ്പർ ഉത്തരവ് പ്രകാരം അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ സംസ്ഥാന സഞ്ചിതനിധിയിൽ തിരിച്ചടയ്ക്കേണ്ടതാണ്. മേൽ പറഞ്ഞ തുകകൾ ഏത് ഫണ്ടിൽ നിന്നാണ് അക്രഡിറ്റഡ് ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ളതെന്ന് കണ്ടെത്തി ആ ഫണ്ടിലേക്ക് വരവ് ചെയ്ത് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-22 ഒരേ ആവശ്യത്തിലേയ്ക്കായി ബ്ലോക്ക് പഞ്ചായത്തിനും ഗ്രാമ പഞ്ചായത്തിനും വ്യത്യസ്ത

പ്രോജക്ടുകൾ

പ്രവൃത്തി - ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ചെമ്പകരാമനല്ലൂർ ചിറ നവീകരണവും അനുബന്ധപ്രവർത്തനങ്ങളും (110/22)

അടങ്കൽ തുക- 30,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

കരാറുകാരൻ – ശ്രീ. നിസ്സാറുദ്ദീൻ, കൈതാടിയിൽ

കരാർ-28/AE/LSGD/ACL/21-22, 20-01-2022

പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ പ്രകാരം 2,72,989/-രൂപ (ബിൽ നം. 687/30.03.2022) കരാറുകാരന് നല്കിയിട്ടുള്ളതാണ്. എന്നാൽ ഇതേ ചിറയിൽ ഇതേപേരിൽ ഒരു പ്രവൃത്തി ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തും നടത്തിവരുന്നു. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 21-11-2022 ലെ 2(4) നമ്പർ തീരുമാനപ്രകാരം പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ അസി. എഞ്ചിനീയറെ ഏല്പിച്ചുകൊണ്ട് അസി. എക്സി. എഞ്ചിനീയർ ഉത്തരവായിട്ടുള്ളതാണ്.

ഗ്രാമ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ടായി നടത്തേണ്ട പ്രവൃത്തി അഞ്ചൽ ബ്ലോക്ക് പഞ്ചായത്തും, ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തും പ്രത്യേക പ്രവൃത്തിയായി ഒരേ സമയം നടപ്പിലാക്കുന്നത് ത്രിതല പഞ്ചായത്തീരാജ് സംവിധാനങ്ങളുടെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല.

20-01-2022 മുതൽ 6 മാസം കൊണ്ട് തീരേണ്ട ടി പ്രവൃത്തി പൂർത്തീകരിച്ച് അന്തിമബിൽ നല്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 08-03-2023 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-11) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം- നം 11 തീ 08-03-2023

1-23 ക്രമപ്രകാരമുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിലേയ്ക്കും ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യത്തിലേയ്ക്കുമായി വിവിധ പ്രോജക്ടുകൾ പ്രകാരം നിരവധി വർഷങ്ങളായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിവരുന്നുണ്ട്. എന്നാൽ വാങ്ങുന്ന ഉപകരണങ്ങൾ സർക്കാർ നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ട മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇതുമൂലം പുതിയതായി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന്റെ ആവശ്യകത, ഉപയോഗത്തിലുള്ള കമ്പ്യൂട്ടറുകൾ, എ എം സി സംബന്ധമായ വിവരങ്ങൾ എന്നിവയുടെ കൃത്യമായ പരിശോധന നടത്തുവാൻ കഴിയുന്നില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള മാതൃകയിൽ കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി നിലവിലുള്ള മുഴുവൻ കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഗ്രന്ഥശാലകൾക്ക് പ്രോജക്ടർ - പ്രോജക്ടർ, സ്ക്രീൻ എന്നിവ വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് - ഗ്രന്ഥശാലകൾക്ക് പ്രോജക്ടർ (155/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ തുക - 5,00,000/-രൂപ (വികസന ഫണ്ട്)

ബിൽ നം 31, തീ 19-02-2022 പ്രകാരം 4,94,079/-രൂപാ പിൻവലിച്ച് ആർ.ജെ. എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ഗ്രന്ഥശാലകൾക്ക് വിതരണം ചെയ്യുന്നതിനായി 13 പ്രോജക്ടർ, 13 സ്ക്രീൻ എന്നിവ വാങ്ങി. ഇതിൽ 11 ജോഡി ഉപകരണങ്ങൾ മാത്രമേ ഗ്രന്ഥശാലകൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. 20-12-21 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 2 (3) നമ്പർ തീരുമാനപ്രകാരം ഗുണഭോക്താക്കളായി തെരെഞ്ഞടുക്കപ്പെട്ടിട്ടുള്ള താഴെ കൊടുത്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് നാളിതു വരെ ഉപകരണങ്ങൾ നൽകിയിട്ടില്ല.

| | |
|---|---|
| 1 | ഡോ. എ പി ജെ അബ്ദുൾകലാം പബ്ലിക്ക് ലൈബ്രറി, ഇടക്കുന്ന്, മണിയാർ |
| 2 | കുളത്തുപ്പുഴ പോസ്റ്റാഫീസ് കൂട്ട് സാംസ്കാരികവേദി |

ഇതിൽ കുളത്തുപ്പുഴ പോസ്റ്റോഫീസ് കൂട്ട് സാംസ്കാരികവേദി, ഗ്രന്ഥശാലയുടെ ലൈബ്രറി കൗൺസിൽ അംഗത്വം നഷ്ടപ്പെട്ടതായി ഫയലിൽ രേഖപ്പെടുത്തലുണ്ട്. 2 ജോഡി ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ലാത്തതിനാൽ പ്രോജക്ടർ, സ്ക്രീൻ എന്നിവയുടെ വിലയായ (2 X 33005 + 2 X 5001 = 76012/-) 76,012/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. നാളിതുവരെ 2 ജോഡി ഉപകരണങ്ങൾ വിതരണം ചെയ്യാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 2, തീയതി 08-03-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യകത കൃത്യമായി കണക്കാക്കാതെ ഉപകരണങ്ങൾ വാങ്ങിയതിനാലാണ് ഇപ്രകാരം സംഭവിച്ചത്. ഉപകരണങ്ങൾ വിതരണം ചെയ്യാതിരിക്കുകയും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ചെലവ് നിരാകരിക്കുന്നു.

നിരാകരിക്കുന്ന തുക - 76,012/- രൂപ
ഓഡിറ്റ് അന്വേഷണം - നം 2, തീയതി 08-03-2023

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 09-03-23 | കെ.എസ്.എ.കെ.എൽ.എം-പി-1/489/23 തീയതി – 10.04.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2021-22 | 3,88,527/- | കണ്ണറ ജംഗ്ഷൻ - കാഞ്ഞിരത്തോട് റോഡ് റീ ടാറിംഗ് | 3,88,527/- | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് വേണ്ടിയുള്ള ഫണ്ട് വിനിയോഗം.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ബിൽ നം/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഹോർട്ടി കോർപ്പ് | ഏറം വിപണിക്ക് തേൻ സംസ്കരണ യൂണിറ്റ് | 193/15.11.21<br>607/22.03.22 | 8,00,000/-<br>8,00,000/- | 8,00,000/-<br>8,00,000/- | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപത്തിന്റെ പലിശ ഇനത്തിൽ തൻവർഷം 7,579/- രൂപ വരവുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

## 4-7 ഓഡിറ്റ് റിക്കവറി

RP-10 RECOVERIES FROM EMPLOYEES ഇനത്തിൽ 16,000/-രൂപ വരവുണ്ട്. എന്നാൽ ആയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം- | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-1999 | - | 2001-2002 | 1-2 | ആംബുലൻസ് ഷെഡ് നിർമ്മാണം 21394/- രൂപയുടെ അധിക ചെലവ് | വിശദാംശങ്ങൾ ലഭ്യമല്ല. |
| 1999-2000 | 20 | 2002-2003 | VII 2-4-1 | ആംബുലൻസിൽ നിന്നുള്ള വരവ് ധനദുർവിനിയോഗം | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2000-2001 | 3-1 | 2004-2005 | II 2-1 | കാർഷിക മേള നടത്തിയതിൽ അനധികൃത ചെലവ് | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2011-12 | 3-43 | 2013-14 | 5-3-15 | കരുകോൺ വനിത പ്രവർത്തന കേന്ദ്രം | വിശദാംശങ്ങൾ ലഭ്യമല്ല. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | . | 76,012/- | ശ്രീ. പ്രസാദ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,51,848 /- | ശ്രീ. പ്രസാദ്, സെക്രട്ടറി |
| 1-16 | 1,20,000/- | ശ്രീമതി.ബീന.കെ.പി, ക്ഷീരവികസനഓഫീസർ |
| 1-18 | 5,64,498/- | ശ്രീ. പ്രസാദ്, സെക്രട്ടറി |
| 1-19-1 | 20,01,596/- | ഡോ.സനൽകുമാർ.എൽ.റ്റി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-19-2 | 5,28,914/- | ഡോ.സനൽകുമാർ.എൽ.റ്റി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-19-3 | 5,89,240/- | ഡോ.പ്രകാശ്.പി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-20 | 4,99,225/- | ഡോ.സനൽകുമാർ.എൽ.റ്റി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| ആകെ | 44,55,321/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ഡോ.സനൽ കുമാർ<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, അഞ്ചൽ) | ഹാപ്പി ഹോം, അണ്ണൂർ<br>മങ്കാട്, തിരുമല, |
| ശ്രീ. പ്രസാദ്, സെക്രട്ടറി | വിളയിൽ പുത്തൻവീട്, കോണത്ത്,<br>പൂയപ്പള്ളി പി. ഒ, കൊല്ലം -691537 |
| ഡോ. പ്രകാശ്,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കുളത്തുപ്പുഴ) | പ്രകാശ് ഭവൻ,<br>മുക്കോണിക്കൽ, നെടുമങ്ങാട് പി.ഒ. |
| ശ്രീമതി.ബീന.കെ.പി, ക്ഷീരവികസന ഓഫീസർ | കെട്ടിടത്തിൽ പ്ലാക്കോട്, ഇടയ്ക്കിയം പി.ഒ. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 1997-98 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 1998-99 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 1999-2000 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 2000-01 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 6 |
| 2001-02 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 3 |
| 2002-03 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 8 |
| 2004-05 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 2005-06 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 5 |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി.1377(2)- തീയതി 23-06-2014 | 13 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി.1377(3)- തീയതി 23-06-2014 | 7 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി.1377(4)- തീയതി 23-06-2014 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി.1377(5)- തീയതി 27-06-2014 | 7 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി.1377(6)- തീയതി 27-06-2014 | 6 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.എൽ.എം.പി.1/അദാലത്ത്/2011-12, 2012-13 /1574/22 തീയതി. 29.08.22 | 38 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.1/അദാലത്ത്/2013-14, 2014-15 /1574/22 തീയതി. 29.08.22 | 17 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.1/അദാലത്ത്/2015-16/ 1574/22 തീയതി. 29.08.22 | 7 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി1/2005/17/27.11.17 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി1/4/2019/11.03.2019 | 9 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി1/1084/2020; 19-02-2021 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി1/398/22; 05.07.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി1/399/22 29.07.22 | ,, |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്